"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - നവകേരള സദസ്സിൽ ഉയർന്നു വന്ന വികസന പദ്ധതികൾ - തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന 5 പദ്ധതികൾക്ക് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ(പി.പി) വകുപ്പ്**

സ.ഉ.(കൈ) നം.178/2025/LSGD തീയതി,തിരുവനന്തപുരം, 08-10-2025

---

പരാമർശം:-

1. 30.05.2025 ലെ സ.ഉ.(കൈ)നം.1/2025/PIE&MD.
2. 28.07.2025 ലെ സ.ഉ.(കൈ)നം.3/2025/PIE&MD.
3. 13.08.2025 ലെ സ.ഉ.(കൈ)നം.നം.144/2025/LSGD.
4. 12.09.2025 ലെ PIEM 1/79/2024-PIEMD-Part(5) നമ്പർ കത്ത്.
5. 16.09.2025 ലെ സ.ഉ.(കൈ) നം.166/2025/LSGD.
6. 19.09.2025 ലെ സ.ഉ.(കൈ)നം.167/2025/LSGD.
7. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 23.09.2025 ലെ LSGD/PD/25359/2025-DB1 നമ്പർ കത്ത്.
8. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 23.09.2025 ൽ ചേർന്ന Administrative Sanction committee യോഗത്തിന്റെ നടപടിക്കുറിപ്പ്.
9. തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പിന്റെ 04.10.2025 ലെ FM2/1/2025/LSGD നമ്പർ അനൗദ്യോഗിക കുറിപ്പ്.

**<u>ഉത്തരവ്</u>**

നവകേരള സദസ്സിൽ ഉയർന്നു വന്ന വികസന പദ്ധതികളിൽ മലപ്പുറം ജില്ലയുടേതൊഴികെയുള്ള പദ്ധതികളുടെ അന്തിമപട്ടിക അംഗീകരിച്ചുകൊണ്ടും, പദ്ധതി നടത്തിപ്പിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചുകൊണ്ടും, അംഗീകരിച്ച പദ്ധതികൾക്ക് ഭേദഗതി നൽകുന്നതിനായി കമ്മറ്റി രൂപീകരിച്ചുകൊണ്ടും പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2. പരാമർശം (1) പ്രകാരം അംഗീകരിച്ച പട്ടികയിൽ ഭേദഗതി വരുത്തിക്കൊണ്ടുള്ള, മലപ്പുറം ജില്ലയിലെ പദ്ധതികൾ കൂടി ഉൾപ്പെടുത്തികൊണ്ടുള്ള അന്തിമ പട്ടിക അംഗീകരിച്ച് പരമർശം (2) പ്രകാരം ഉത്തരവാവുകയും, പരാമർശം (4) പ്രകാരം 3 പ്രവൃത്തികളുടെ നിർവ്വഹണ ചുമതല തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്ന് മാറ്റിക്കൊണ്ടും, പുതിയ 3 പ്രവൃത്തികളുടെ നിർവ്വഹണ ചുമതല തദ്ദേശ

സ്വയംഭരണ വകുപ്പിന് നൽകിക്കൊണ്ടുമുള്ള പട്ടിക ലഭ്യമാക്കിട്ടുണ്ട്.

3. നവകേരള സദസ്സിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്ക് അംഗീകാരം നൽകുന്നതിനായി പരാമർശം (3) പ്രകാരം Administrative Sanction committee രൂപീകരിച്ചും, 08.09.2025 ൽ ചേർന്ന Administrative Sanction committee അംഗീകരിച്ച **12 പദ്ധതികൾക്ക്** പരാമർശം (5) പ്രകാരവും, 16.09.2025 ൽ ചേർന്ന Administrative Sanction committee അംഗീകരിച്ച **10 പദ്ധതികൾക്കും** പരാമർശം (6) പ്രകാരവും ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

4. 23.09.2025 ൽ ചേർന്ന Administrative Sanction Committee നവകേരള സദസ്സിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന 7 പദ്ധതികൾക്ക് പരാമർശം (8) പ്രകാരം അംഗീകാരം നൽകിയിരുന്നു.

5. ചീഫ് സെക്രട്ടറിയും സെക്രട്ടറിമാരുമായുള്ള 25.09.2025 ലെ യോഗ തീരുമാനങ്ങൾ സംബന്ധിച്ച പരാമർശം (9)ലെ കുറിപ്പ് പ്രകാരം നവകേരള സദസ്സ് പദ്ധതി പ്രകാരം വകുപ്പുകൾ നൽകിയിട്ടുള്ള പ്രവൃത്തികളിൽ മറ്റു വകുപ്പുകളുമായി ബന്ധപ്പെട്ടവ അതാത് വകുപ്പുകൾക്ക് കൈമാറിനൽകുന്നതിനും സാധ്യമായതും പ്രായോഗികമായും സമയബന്ധിതമായി നടപ്പിലാക്കാവുന്നതുമായ പ്രവൃത്തികൾക്ക് മാത്രം ഭരണാനുമതി നൽകുന്നതിനും അല്ലാത്തവ ഉപേക്ഷിക്കുന്നതിനും ടി വിവരം പദ്ധതി നിർവ്വഹണ അവലോകന വിലയിരുത്തൽ നിരീക്ഷണ വകുപ്പിനെ അറിയിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (8) പ്രകാരം അംഗീകരിച്ച 7 പ്രവൃത്തികളിൽ CRZ പരിധിയിൽ വരുന്ന കൊല്ലം ജില്ല, കുണ്ടറ നിയോജക മണ്ഡലത്തിലെ "മുട്ടം-കൈതയ്ക്കൽ-കോണവിള-റോഡ് കടവ്- പള്ളിമുക്കം-മണക്കടവ് തീരദേശ റോഡ്, പേരയം ഗ്രാമപഞ്ചായത്ത്" എന്ന പ്രവൃത്തിയും, പി.ഡബ്ല്യൂ.ഡിയുടെ ഉടമസ്ഥതയിൽ വരുന്ന കോവളം നിയോജക മണ്ഡലത്തിലെ വെങ്ങാനൂർ ഗ്രാമപഞ്ചായത്തിലെ "ചാവടിനട - പമ്പ് ഹൗസ് - കാട്ടുകുളം വവ്വാമൂല -മുള്ളുവിള - നെല്ലിവിള - പുല്ലാനിമുക്ക് റോഡ് BM & BC ചെയ്യുന്നതിന് "എന്ന പ്രവൃത്തിയും ഒഴികെ, ഇതോടൊപ്പമുള്ള പട്ടിക പ്രകാരമുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

6. അതോടൊപ്പം മലപ്പുറം ജില്ല, വേങ്ങര നിയോജക മണ്ഡലത്തിലെ കിളിനക്കോട് - മിനി റോഡ് BM & BC എന്ന പ്രവൃത്തി അക്രെഡിറ്റഡ് ഏജൻസി ആയ FIT മുഖേനയും, മലപ്പുറം ജില്ല, വേങ്ങര നിയോജക മണ്ഡലത്തിലെ ടിപ്പു സുൽത്താൻ റോഡ് BM & BC എന്ന പ്രവൃത്തി അക്രെഡിറ്റഡ് ഏജൻസി ആയ SILK മുഖേനയും, പാലക്കാട് ജില്ല, മണ്ണാർക്കാട് നിയോജക മണ്ഡലത്തിലെ അട്ടപ്പാടി പുതൂർ GTVHSS ന് കെട്ടിട നിർമ്മാണം എന്ന പ്രവൃത്തി അക്രെഡിറ്റഡ്

ഏജൻസി ആയ KEL മുഖേന നടപ്പിലാക്കുന്നതിനും അനുമതി നൽകുന്നു. പദ്ധതിയുടെ നിർവ്വഹണ കാലയളവ്, നിബന്ധനകളും വ്യവസ്ഥകളും എന്നിവയ്ക്ക് പി.ഡബ്ല്യൂ.ഡി മാനുവൽ പ്രകാരമുള്ള പൊതുവായ മാനദണ്ഡങ്ങൾ ബാധകമായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

പകർപ്പ്

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ്.
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
ധനകാര്യ വകുപ്പ്
ട്രഷറി ഡയറക്ടർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള,തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
വിവര - പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Manju L S
സെക്ഷൻ ഓഫീസർ
Date: 08-10-2025 16:22:19

| ക്രമ നം | ജില്ല | നിയോജക മണ്ഡലം | പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് തുക (കോടിയിൽ) |
|---|---|---|---|---|
| 1 | പാലക്കാട് | മണ്ണാർക്കാട് | അട്ടപ്പാടി പുതുർ GTVHSS ന് കെട്ടിട നിർമ്മാണം | 4.00 |
| 2 | പാലക്കാട് | നെന്മാറ | ആലമ്പള്ളം പാലം | 4.00 |
| 3 | മലപ്പുറം | വേങ്ങര | കിളിനക്കോട് - മിനി റോഡ് BM & BC | 4.00 |
| 4 | മലപ്പുറം | വേങ്ങര | ടിപ്പു സുൽത്താൻ റോഡ് BM & BC | 3.00 |
| 5 | കോഴിക്കോട് | പേരാമ്പ്ര | ജി യു പി സ്കൂൾ പേരാമ്പ്ര കെട്ടിട നിർമ്മാണം | 3.50 |